**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 303** **28-06-2024 - ൽ മറുപടിയ്ക്ക്**

**തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലെ വ്യാജ പോസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര ലോക്സഭാ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രതിപക്ഷ യുവജന സംഘടന നേതാവ് എതിർ സ്ഥാനാർഥിക്കെതിരെ വർഗീയ ചേരിതിരിവുണ്ടാക്കുന്ന പോസ്റ്റർ പ്രചരിപ്പിച്ചുവെന്ന് ഭരണകക്ഷി മുൻ എം.എൽ.എ. അടക്കമുള്ളവർ വ്യാജപ്രചാരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചുവരുന്നത്. |
| (ബി) | പ്രതിപക്ഷ യുവജന സംഘടന നേതാവിന്റെ പേരിലുള്ള പ്രസ്തുത പോസ്റ്റർ വ്യാജമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇത് പ്രചരിപ്പിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകുമോ; | (ബി) | ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും |

| | | | |
|---|---|---|---|
| | | | കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചുവരുന്നത്. |
| (സി) | ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യം വച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചറുടെ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ ശ്രീ. സി. ഭാസ്കരൻ മാസ്റ്ററുടെ ഒരു പരാതിയും, നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്നതുമായ രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയുടെ ഒരു പരാതിയും പോലീസിന് ലഭിച്ചിരുന്നു. രണ്ടു പരാതികളിലും പോലീസ് വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായ നടപടിയാണ് സ്വീകരിച്ചത്. കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം പ്രൊഫൈൽ വിവരങ്ങളും തേടിയിട്ടുണ്ട്. അക്കൗണ്ടിന്റെ പ്രൊഫൈൽ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ